**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 682** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഇ.വി. ചാർജ്ജിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇ.വി. ചാർജ്ജിംഗിനായി ഒരുക്കിയിട്ടുള്ള നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വൈദ്യുതവാഹനങ്ങളുടെ തുടക്കകാലത്ത് EV ചാർജിങ്ങ് ഇൻഫ്രാസ്ട്രക്ചറിനുള്ള സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ KSEBL സംസ്ഥാനത്തൊട്ടാകെ 63 ഫാസ്റ്റ് ചാർജിങ്ങ് സ്റ്റേഷനുകളും, 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും ഉൾക്കൊള്ളുന്ന ഒരു ചാർജിങ് ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 700-ൽ അധികം KSEBL ഇതര ചാർജിങ് സ്റ്റേഷനുകൾ സംസ്ഥാനത്ത് നിലവിൽ വരികയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും വൈദ്യുത വാഹനങ്ങളുടെ നിരന്തരമായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ വിപുലമായ രീതിയിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിതമാകേണ്ടത് അനിവാര്യമാണ്. |
| (ബി) | എങ്കിൽ പ്രസ്തുത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മികച്ച തോതിൽ ഏറ്റവും നൂതന സാങ്കേതിക വിദ്യയിലുള്ള ധാരാളം ചാർജിംഗ് സ്റ്റേഷനുകൾ രംഗത്ത് വരുന്നതിനു മികച്ച പൊതുജന പങ്കാളിത്തം ആവശ്യമാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ KSEBL ചാർജിങ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനും, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുമുള്ള പദ്ധതി രൂപീകരിച്ചു വരുന്നു. കൂടാതെ കേന്ദ്രഗവണ്മെന്റിന്റെ അനുമതിയോടുകൂടി വൈദ്യുതവാഹന രംഗത്തിന് ഉണർവേകുന്ന രീതിയിൽ ഒരു ഇ.വി. ആക്സിലറേറ്റർ സെൽ ഉടനടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ KSEBL നടത്തി വരുന്നു.<br><br>ഇ വി ചാർജ്ജിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനുമായി സംസ്ഥാനത്തെ ദേശീയപാത, MC റോഡ്, മറ്റ് സംസ്ഥാന പാതകൾ എന്നിവിടങ്ങളിൽ ഓരോ 20 കിലോമീറ്ററിലും റോഡിന്റെ ഇരുവശങ്ങളിലുമായി ഡി.സി. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. സ്വകാര്യ സംരംഭകർ, ഹോട്ടലുകൾ, മാളുകൾ എന്നിവിടങ്ങളിൽ ഡി.സി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും, ഹരിതോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഡി.സി ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്കും സംസ്ഥാന സർക്കാർ അനെർട്ട് മുഖേന സാമ്പത്തിക സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ